## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6795 — 02.11.2011 - ൽ മറുപടിക്ക്

# മാനസിക വൈകല്യമുള്ള വിദ്യാർത്ഥികളുടെ സംരക്ഷണം

**ചോദ്യം**

ശ്രീ. എൻ.എ.നെല്ലിക്കുന്ന്
ശ്രീ. സി.മമ്മൂട്ടി
ശ്രീ. പി.ബി.അബ്ദുൾ റസാക്
ശ്രീ.കെ.എൻ.എ.ഖാദർ

**ഉത്തരം**

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | മാനസികമായി വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളുടെ സംരക്ഷണത്തിനും പരിചരണത്തിനുമായി വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംവിധാനങ്ങളുടെ വിശദവിവരം നൽകാമോ; | (എ) | മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും പി.ഡബ്ല്യൂ.ഡി.ആക്ട്/ റൂൾസ് പ്രകാരം രജിസ്ട്രേഷൻ ലഭിച്ച 263 സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. അവയിൽ 45എണ്ണം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും സംയുക്തമായി നടത്തിവരുന്നവയും ശേഷിക്കുന്നവ എൻ.ജി.ഒ.കൾ നടത്തി വരുന്നവയുമാണ്. കൂടാതെ സർക്കാർ മേഖലയിലെ സ്വയംഭരണ സ്ഥാപനമായ സി.എച്ച്.മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ്, പാങ്ങപ്പാറ, തിരുവനന്തപുരം എന്ന സ്ഥാപനവും പ്രവർത്തിക്കുന്നുണ്ട്. സാധാരണ സ്കൂളുകളിൽ (General Schools) പഠിക്കുന്ന മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സംയോജിത വിദ്യാഭ്യാസ പദ്ധതി പ്രകാരം ധനസഹായം നൽകി വരുന്നു. |
| (ബി) | ഇത്തരം വിദ്യാർത്ഥികളെ സംരക്ഷിക്കുന്നതിന് അംഗീകൃത സ്ഥാപന ങ്ങളെ പാനൽ ചെയ്തിട്ടുണ്ടോ; എങ്കിൽ അവയുടെ ലിസ്റ്റ് ലഭ്യമാക്കുമോ; | (ബി) | രജിസ്ട്രേഷൻ ലഭിച്ച സ്ഥാപനങ്ങളെ പാനൽ ചെയ്തിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ഇത്തരം സ്ഥാപനങ്ങൾക്ക് ധന സഹായം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡമെന്താണ്; | (സി) | പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും രജിസ്ട്രേഷൻ ലഭിച്ച 263 സ്ഥാപന ങ്ങളിൽ 55 സ്ഥാപനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും ദീനദയാൽ ഡിസേബിൾഡ് റിഹാബിലിറ്റേഷൻ സ്കീം (ഡി.ഡി.ആർ.എസ്) പ്രകാരം ധന സഹായം ലഭിക്കുന്നുണ്ട്. ശേഷിക്കുന്ന സ്ഥാപനങ്ങളിൽ, പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക്, നിശ്ചിത സമയപരിധിയ്ക്കു ള്ളിലും, നിശ്ചിത മാതൃകയിലും ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ പരിശോധനാ റിപ്പോർട്ട് ഉൾപ്പെടെ സമർപ്പിക്ക പ്പെടുന്ന അപേക്ഷകർക്ക് സംസ്ഥാന സർക്കാരിൽ നിന്നും പൊതുവിദ്യാഭ്യാസ വകുപ്പു മുഖേന ധനസഹായം നൽകി വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കുടുംബ ശ്രീയും സംയുക്തമായി നടത്തി വരുന്ന "ബഡ്സ്" സ്കൂളുകൾക്കും സംസ്ഥാന സർക്കാർ പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേനയുള്ള ധനസഹായം നൽകുന്നുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും ഡി.ഡി.ആർ.എസ്. പ്രകാരം ധനസഹായം ലഭിച്ചു വരുന്ന സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ ധനസഹായം നൽകുന്നില്ല. |
| (ഡി) | ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കാൻ നിലവിലുള്ള സംവിധാനത്തെക്കുറിച്ച് വിശദീകരിക്കുമോ; | (ഡി) | പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും രജിസ്ട്രേഷൻ ലഭിച്ച എല്ലാ സ്ഥാപന ങ്ങളിലും ഓരോ വർഷവും വിദ്യാഭ്യാസ വകുപ്പിലെ ജില്ലാതല ആഫീസർമാർ പരിശോധന നടത്തുകയും പ്രവർ ത്തനം സംബന്ധിച്ച് വിശകലനം നടത്താറു മുണ്ട്. കൂടാതെ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ആഫീസർമാരും സ്ഥാപനങ്ങൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ പരിശോധിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ യഥാസമയം നൽകുകയും ചെയ്യാറുണ്ട്. സ്ഥാപനങ്ങൾക്ക് പി.ഡബ്ല്യൂ.ഡി. ആക്ട്/റൂൾസ് പ്രകാരം രജിസ്ട്രേഷൻ നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ (അക്കാദമിക്)-നെ സർക്കാർ അധികാരപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | എന്തൊക്കെ മിനിമം സൗകര്യങ്ങളും പരിചരണങ്ങളുമാണ് ഈ സ്ഥാപന ങ്ങളിൽ ലഭ്യമാക്കേണ്ടതെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ഇ) | റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ(ആർ.സി.ഐ.) നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളാണ് സംസ്ഥാന സർക്കാരും തുടർന്നു വരുന്നത്. |
| (എഫ്) | 2010-11 വർഷത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച തുകയുടെ വിശദ വിവരം നൽകാമോ? | (എഫ്) | 2010-11 സാമ്പത്തിക വർഷം മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ധനസഹായമായി 8കോടി രൂപ സംസ്ഥാന സർക്കാർ അനുവദിച്ച് നൽകിയിരുന്നു. കൂടാതെ വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിനായി 110ലക്ഷം രൂപയും അനുവദിച്ച് നൽകിയിരുന്നു. നടപ്പുസാമ്പത്തിക വർഷവും പ്രസ്തുത സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നതിനായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ